പൂന്താനം നമ്പൂതിരി

# ശ്രീകൃഷ്ണകർണാമൃതം

(മലയാളം: കവിത)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Sreekrishnakarnamrutham**
Malayalam poetry
by **Poonthanam Nampoothiri**
First published: 1600

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം



ഉള്ളടക്കം . . . . . . . . . . iii

പൂന്താനം നമ്പൂതിരി . . . . . . . . . . v

ശ്രീകൃഷ്ണകർണാമൃതം . . . . . . . . . . 1

ശ്രീകൃഷ്ണകർണാമൃതത്തിലെ വൃത്തവിനിയോഗം . . . . . . . . . . 29

# പൂന്താനം നമ്പൂതിരി



കേരളത്തിൽ ജീവിച്ചിരുന്ന ഭക്തകവിപ്രമുഖന്മാരിലൊരാളായിരുന്നു പൂന്താനം. അദ്ദേഹം ജനിച്ചതും ജീവിച്ചതും മദ്ധ്യകേരളത്തിലെ പഴയ വള്ളുവനാട് താലൂക്കിൽ നെന്മേനി അംശത്തിൽ (ഇന്ന് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയിൽ നിന്നും എട്ടു കിലോമീറ്റർ വടക്ക് കീഴാറ്റൂർ) പൂന്താനം (പൂങ്കാവനം – പൂന്താവനം – പൂന്താനം) എന്ന ഇല്ലത്ത് ആയിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. ക്രിസ്തുവർഷം 1547 മുതൽ 1640 വരെയായിരുന്നു പൂന്താനത്തിന്റെ ജീവിതകാലം എന്ന് സാമാന്യമായി നിർണ്ണയിച്ചിട്ടുണ്ട് (പ്രൊഫ. കെ. വി. കൃഷ്ണയ്യർ). മേൽപ്പത്തൂരിന്റെ (1560–1646) സമകാലികനായിരുന്നു എന്ന് ഉറപ്പിക്കാനുള്ള വളരെയധികം പ്രമാണങ്ങൾ ലഭ്യമാണ്.

## കൃതികൾ

1. ജ്ഞാനപ്പാന
2. ശ്രീകൃഷ്ണകർണ്ണാമൃതം
3. സന്താനഗോപാലം പാന

## കീർത്തനങ്ങൾ

1. നൂറ്റെട്ടു ഹരി
2. ആനന്ദനൃത്തം
3. ഘനസംഘം
4. മൂലതത്ത്വം
5. അംബാസ്തവം
6. മഹാലക്ഷ്മീസ്തവം
7. പാർത്ഥസാരഥീസ്തവം

(വിക്കിപ്പീഡിയയോട് കടപ്പാട്)

# ശ്രീകൃഷ്ണകർണാമൃതം

കർണാമൃതം വാമപുരാധിവാസിൻ
നിന്നാൽ മതം കിഞ്ചന ഭാഷയായ് ഞാൻ
എന്നാൽ വരുംവണ്ണമുദാരകീർത്തേ
ചൊന്നാലതും പ്രീണനമായ് വരേണാം ‖1‖

ആക്കം പൂണ്ടഷ്ടമീരോഹിണിയൊരുമകലർന്നോരു നാളർദ്ധരാത്രൌ
ചൊൽക്കൊള്ളും ചിങ്ങമാസേ മുഴുമതിയുമുദിക്കുന്ന മുഖ്യേ മുഹൂർത്തേ
തൃക്കയ്യിൽ ശംഖചക്രാംബുജഗദകൾ ധരിച്ചോരു ബാലസ്വരൂപം
തക്കത്തിൽ ദേവകിക്കും കണവനുമണയെദ്ദർശിതം കൈതൊഴുന്നേൻ ‖2‖

അച്ഛന്റേ ഹസ്തപത്മത്തിനു മധുകരമായ് നിന്നുപോവാൻ മുതിർന്നു
തൽക്കാലേ മുഷ്കു തേടീടിന കനകകവാടങ്ങൾ താനേ തുറന്നു
ചക്രീശൻ ഛത്രമാർന്നു നിറപുഴയുമുഴറ്റോട്ടു നീർ വാങ്ങി നിന്നു
ചിക്കെന്നമ്പാടിചേർന്നു ജനകനവിടെയക്കന്യയെക്കൊണ്ടു പോന്നു ‖3‖

അറ്റം കൂടാതെ കൌതുഹലപരവശനായ് നന്ദഗോപൻ തദാനീ -
മേറ്റം ദാനങ്ങളും ചെയ്തുടനതിമഹിതം ജാതകർമ്മം കഴിപ്പാൻ
ചുറ്റിക്ഖണ്ഡിച്ച പൊക്കിൾക്കൊടി തിരുവുദരത്താണ്ടു ഭാഗ്യം കിടന്നോ -
രീറ്റില്ലുത്തുണ്ണിയെക്കണ്ടവരവരമൃതാനന്ദമാറാടിനാർ പോൽ ‖4‖

ദുഷ്ടയ്ക്കപ്പൂതനയ്ക്കും ചുഴൽവലിയ കൊടുങ്കാറ്റിനും ചാട്ടിനും നീ
കുട്ടിക്കാവായ്ക്കിടക്കും പൊഴുതു ഗതിവരുത്തീടിനാനശ്രമേണ
തുഷ്ട്യാ പോയ് ചെന്നു ഗർഗ്ഗൻതിരുവടി തിരുനാമങ്ങളിട്ടോരു ശേഷം
പുഷ്ട്യാ മേവീടുമമ്പാടിയിലനുദിവസം ജ്യേഷ്ഠനോടേ വളർന്നാൻ ‖5‖

ഏന്തുന്ന കാരണജലത്തിലൊരുണ്ണിയായ് പോയ്
നീന്തീടുവാൻ കഴിവരാതവനന്നുപോലും
നന്ദന്റെ കൊട്ടിൽ നടുമുറ്റമിവറ്റിലെല്ലാം
നീന്തിത്തുടങ്ങുന്ന കിടാവിനു കൈതൊഴുന്നേൻ ‖6‖

അച്ഛൻ ചെന്നച്യുതന്റേ തിരുമുഖകമലം കണ്ടുകൊണ്ടാടുമപ്പോ -
ളച്ഛന്റേ ഹസ്തപത്മത്തിലൊരതിശയസമ്മാനമിഛാനുകൂലം
കച്ചേലുംവാണി വിശ്വേശ്വരജനനി മുദാകൈപകർന്നാളെശോദാ
വിശ്വാസത്തോടു നൽകീ വരമതിലുമൊരമ്മാനമമ്മയ്ക്കുമയ്യാ! ‖7‖

ചാഞ്ചേറീടുന്ന പിച്ചക്കളി കവിണകിടന്നോമനക്കയ്യുയർത്തീ -
ട്ടഞ്ചും വെവ്വേറെ തൃക്കൈവിരലുകൾ മലരെത്തൊട്ടുകിട്ടാഞ്ഞുമപ്പോൾ
കുഞ്ഞിപ്പൂമൈ മറിഞ്ഞമ്മലരുമളവിലും പുഞ്ചിരിത്തേഞ്ചൊരിഞ്ഞും
കുഞ്ഞിക്കൈ രണ്ടുമാട്ടീട്ടിന ഭുവനപതേ! നിന്നെ ഞാൻ
കൈതൊഴുന്നേൻ ‖8‖

മൈക്കണ്ണിമാർ പലരുമുണ്ണിയിനിക്കിനിക്കെ -
ന്നൽക്കൺഠയാ കളികൾ കാട്ടി വിളിക്കുമപ്പോൾ
ഒക്കത്തിരുന്നു മറിയുന്ന ദയാംബുരാശേ
തൃക്കാൽ തൊഴാനരുളു നീ കരുണാകടാക്ഷം ‖9‖

മാനത്തമ്മാമനെക്കണ്ടമൃതു പൊഴിയുമക്കണ്ണനുണ്ണിക്കു ചിത്തേ
മാനത്തെക്കൈവളർത്താനമൃതുകിരണനും മെല്ലെ മേലീന്നിറങ്ങി
മാനിച്ചമ്മയ്ക്കുകാട്ടി പ്രമദപരവശാൽ രണ്ടു കൈകൊണ്ടു മന്ദം
മാനത്തേയ്ക്കങ്ങടിച്ചീടിന തൊഴിലൊരുനാളാസ്ഥയാ കാണ്മനോ ഞാൻ! ‖10‖

കുഞ്ഞിക്കാലും[1] കരത്താർ കുളിർമണിമുഖവും കണ്ണിലെക്കണ്ണെഴുത്തും
കിഞ്ചിൽ പോന്നങ്കുരിക്കും ദശനമുകുളവും കൃഷ്ണ ചെഞ്ചോരിവായും
പഞ്ചത്വം വന്നടുക്കുമ്പൊഴുതു മതിമറന്നങ്ങു വീണീടുമപ്പോ -
ളെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെയ്ക്കുള്ള കോപ്പും മുരാരേ! ‖11‖

---

1 കുഞ്ചിക്കാലും

മഞ്ചാടിക്കുരു കുന്നിമാലകൾ മുരുക്കിൻപൂക്കളിത്യാദിയും
ചെഞ്ചോരിക്കു വിരോധിയാമധരവും തൃക്കൈകൾ തൃക്കാൽകളും
ചാഞ്ചാടിക്കളിയും ചമഞ്ഞ വടിവും പൂഞ്ചാലയിൽ പൂഴിയും
ചെഞ്ചോടേ തിരുമേനി രണ്ടുമണയത്തമ്മാറു കണ്ടാവു ഞാൻ ‖12‖

നാളീകലോചനനുറക്കുവരാഞ്ഞെശോദാ
നാരായണന്റെ ചരിതം കഥ ചൊല്ലുമപ്പോൾ
സീതാം ഹരിച്ചു ദശകന്ധരനെന്നു കേട്ടി -
ട്ടാലോകനാഥ "നയി ലക്ഷ്മണ" യെന്നുരച്ചു ‖13‖

പച്ചക്കല്ലൊത്ത പൂമെെനിറവുമണികഴൽപ്പല്ലവം മെല്ലെമെല്ലേ
വെച്ചീടുമ്പോൾ വിറച്ചീടിന മധുരിമയും പിച്ചയും വിശ്വമൂർത്തേ!
മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേഷിച്ചു വിജ്ഞാപയേഹം
സച്ചിൽക്കല്ലോലമേ! നീ കൃപ തരിക സദാ കൃഷ്ണ! കാരുണ്യസിന്ധോ! ‖14‖

ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെപ്പൊന്നരഞ്ഞാൺ കിഴിഞ്ഞി -
ട്ടുണ്ണിക്കൈകൊണ്ടൊരുണ്ണിപ്പലകയുടനെടുത്തൊട്ടു വീണ്ടും നടന്നും
ഉണ്ണികൃഷ്ണൻ വരുമ്പോൾ തിരുവയർ നിറയെപ്പാലുമുണ്ടാ പ്രസാദം
കണ്ണിൽക്കാണായ് വരേണം രഹസി മമ കിനാവെങ്കിലും പങ്കജാക്ഷാ! ‖15‖

ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളുമരനിറയെക്കിങ്ങിണിപ്പൊന്നരഞ്ഞാ -
ളുണ്ണിക്കൈകൊണ്ടു താളങ്ങളുമണിമുടിയിൽ പിഞ്ഛവും കൊഞ്ചൽ വായ്പും
ഉണ്ണീക്കണ്ണന്റെ പൂമെെ കുഴൽ വിളിയുമട്ടുത്തുള്ള ചിൽപിള്ളരും മേ
കണ്ണിൽക്കാണുന്നപോലെ മനതളിരിലുദിക്കേണമോർക്കുമ്പൊഴെല്ലാം ‖16‖

ഏലസ്സു പൊൻമണിചിലമ്പുകൾ പൊന്നരഞ്ഞാൺ
മേളിച്ച കൈവളകൾ മോതിരവും ഗളാന്തേ
മൌലിക്കണിഞ്ഞ മലർമാലകൾ പീലിയും തേ
ബാലത്വവും വദനപങ്കജവും തൊഴുന്നേൻ ‖17‖

ഒന്നിച്ചരിക്കുമ്പൊഴടുത്തു കണ്ണൻ
പിന്നൂടെ കേശങ്ങളഴിച്ചുകൊണ്ടാൻ
വന്നിട്ടു മുറ്റത്തിറവെള്ളമേറ്റാ -
നമ്മയ്ക്കുമച്ഛന്നുമൊരാവതില്ലേ! ॥18॥

മായത്തിനാൽ മാനുഷനായ നാഥൻ
മോഹത്തിനാൽ വെണ്ണ ലഭിപ്പതിന്നായ്
മാനിച്ചു മാതാവൊടു ചേർന്നു നന്നായ്
മാറത്തു തൈർത്തുള്ളിയുമേറ്റിരുന്നാൻ ॥19॥

ബാലത്വേന കളിച്ച നാലനുജനോടൊന്നിച്ചു കാണുന്നവ -
ർക്കാലസ്യം വരുമക്ഷികൾക്കു തിരുമെയ്രണ്ടും ജഗന്മോഹനം
നീലക്കല്ലു തമാലമഞ്ജനകളായാഭം ഹരേ! ശ്യാമളം
ബാലത്തിങ്കളുദിച്ചപോലെ ഭവതോപ്യാനന്ദനീലാംബരം ॥20॥

ഓടക്കുഴൽക്കു പുതുവെണ്ണ ലഭിപതിന്നാ -
യാടിക്കുഴഞ്ഞു കുഴലൂതിന വാസുദേവൻ
കാനക്കുറുഞ്ഞിയെ വിളിച്ചതു കേട്ട നേരം
പൂനക്കുറുഞ്ഞികളടുത്തതു കാണ്മനോ ഞാൻ ॥21॥

കണ്ണൻ കളിച്ചേട്ടനുമായൊരുന്നാൾ
സ്വർണ്ണാദികൾക്കല്ല മഹത്വമയ്യോ
കണ്ണഞ്ചിരട്ടക്കു പടുത്വമേറും
കുന്നിക്കുരുക്കൾക്കുമിതെന്നു തീർന്നു! ॥22॥

ദ്വേഷിച്ചോർക്കാത്ത സൌഖ്യം പലവഴിയിൽ വരുത്തുന്ന ലീലാവിലാസം
ഘോഷിച്ചോരോന്നു കേൾക്കാമതിലുമതിശയം പിന്നെയും തോന്നുമസ്മിൻ
ഊഴിക്കീരേഴിനും നായകനൊരു പശുപപ്പിള്ളരും താനുമായി
പ്പൂഴിച്ചോറാട്ടമക്കോപ്പൊരുപൊഴുതിഹ കണ്ടാവു വൈകുണ്ഠവാസിൻ ॥23॥

അമ്പാടിക്കൊരു ഭൂഷണം രിപുസമൂഹത്തിന്നഹോ ഭീഷണം
പൈമ്പാൽ വെണ്ണ തയിർക്കു മോഷണമതിക്രൂരാത്മനാം പേഷണം
വൻ പാപത്തിനു ശോഷണം വനിതമാർക്കാനന്ദസംപോഷണം
നിന്പാദം മതിദൂഷണം ഹരതു മേ മഞ്ജീരസംഘോഷണം ‖24‖

വെണ്മുത്തിനും മരതകത്തിനുമാർത്തി നൽകും
പൊന്മേനി രണ്ടുമൊരുമിച്ചു ചമഞ്ഞു നന്നായ്
നിർമായമേവ ഹൃദയത്തിലുദിപ്പതിന്നും
ജന്മാന്തരേ സുകൃതമുള്ളൊരു ജീവനോവാൻ! ‖25‖

വെണ്ണയ്ക്കിരന്നു വഴിയേ മണിയും കിലുക്കി
കുഞ്ഞിക്കരങ്ങളുമുയർത്തി നടന്ന നേരം
കണ്ണിൽത്തെളിഞ്ഞ പുതുവെണ്ണ ലഭിച്ചു നിന്നോ -
രുണ്ണിക്കിടാവു ചിരിപൂണ്ടിതു കണ്ടിതാവൂ ‖26‖

എന്നോമലിങ്ങു വരികെന്നു യശോദ മെല്ലെ -
ച്ചൊന്നാൾ മകന്നു പുതുവെണ്ണ കൊടുപ്പതിന്നായ്
അന്നേരമാർത്തിയൊടോടി വിയർത്തുവീണ
കണ്ണന്റെ കാതരത കാണ്മതു കൌതുകം മേ ‖27‖

കണ്ണാടിയിൽ കണ്ടു കളായ രമ്യം
കണ്ണിൽ തെളിഞ്ഞോരു മുഖാരവിന്ദം
ചങ്ങാതിയെന്നിട്ടു ചിരിച്ചു കണ്ണൻ
കണ്ണാടി പൂണുന്നതു കണ്ടിതാവൂ ‖28‖

ഏലസ്സും മഷിയും ചിലമ്പു തളയും കോലാഹലത്തോടെയാ -
മേളത്തിൽ കളിയും ചിരിച്ച മുഖവും തൃക്കൈകളിൾ താളവും
കാലിക്കാൽപ്പൊടിയും കളായനിറവും കാലുഷ്യവായ്പും തഥാ
ബാലകൃഷ്ണനടുത്തു വന്നൊരുദിനം കണ്ടാവു കൺകൊണ്ടു ഞാൻ ‖29‖

മന്നിൽ പിറന്നു സുഖമേ മധുസൂദനൻ താ -
നുണ്ണിക്കിടാവു വടിവായ് വളരുന്ന കാലം
വെണ്ണയ്ക്കു വന്നു പിശകും പുനരെന്നതല്ലി -
പ്പെണ്ണുങ്ങൾ വേറെയൊരിടം കരുതീടിനാർ പോൽ ‖30‖

പറ്റിത്തുടങ്ങിയ കിടാങ്ങളെ വേർവെടുത്തു[2]
ച്ചുറ്റും നിറഞ്ഞ ചില കറ്റുകിടാങ്ങളപ്പോൾ
പിറ്റാടായും കുഴലുമായ് നടുവിൽ കളിക്കും
കറ്റക്കിടാവു കണി കാട്ടുക കൌതുകം മേ ‖31‖

“ഉണ്ണിക്കാമുണ്ണണം” പോരിക കളികളിനിപ്പോരുമെന്നമ്മ ചെന്നി -
ട്ടുണ്ണിക്കാവോട്ടു ചൊന്നാളൊരുപൊഴുതതിലും പ്രീതിയപ്പോൾ കളിപ്പാൻ
എന്നോമൽക്കാശയാമ്പോൾ വരിക മകനെയെന്നമ്മ പോകുന്ന നേരം
പിന്നാലേ ചെന്നടുത്തിട്ടയി ജനനി! വിശക്കുന്നുവെന്നാൽ മുകുന്ദൻ! ‖32‖

മാണിക്കക്കണ്ണുക്കൊണ്ടേനമടിയിലൊരുദിനം വന്നു മന്ദം ചുഴറ്റി
പ്രീണിപ്പിപ്പാനുപാസേ സുചിരമുരസി നീ തന്നെയിന്നോരുപായം
കാണുന്നേ നല്ലപൂമൈ കനകമണികളും കാഞ്ചിയും കാന്തിപൂരം
പൂണുന്നോരോമനച്ചേവടിയുമയി വിഭോ! ദേഹി ദേഹി പ്രസാദം ‖33‖

തേവാരിപ്പാനിരിപ്പാൻ തുനിയുമളവിലത്തേവർ ഞാനെന്നു ചൊല്ലി
പ്പൂവെല്ലാം ചൂടുമപ്പോളരുതയി മകനേയെന്തിതെന്നാളെശോദാ
ഭൂഭാരം തീർപ്പതിന്നായ് മഹിയിലവതരിച്ചോരു സച്ചിൽസ്വരൂപം
വാ പാടിപ്പാരമോർത്തീടിന സുകൃതിനിമാർക്കമ്മമാർക്കേ തൊഴുന്നേൻ! ‖34‖

നാരായണാ എന്നു ജപിക്ക കാവെ -
ന്നാരോമലായിപ്പറയും യശോദാ
നാണം കുണുങ്ങിട്ടു ചിരിക്കുമപ്പോൾ
നാരായണൻ താനിതി വാസുദേവൻ! ‖ 35‖

---

2 വേർപെടുത്തു

എന്തിക്കേൾക്കുന്നതെമ്പോറ്റിയൊടതു വെറുതേ കേൾപ്പനെൻ കൌതുകത്താ -
ലേന്തും പാൽവെണ്ണ നോക്കിപ്പല പലകകളും വെച്ചു കുന്തിച്ചിരുന്നാൻ
വെന്തിങ്കൾക്കോമനത്വം കളയുമണിമുഖം തൃഷ്ണയോടങ്ങുയർത്തി
ചെന്തൊണ്ടിക്കൽഭുതം തേടിനൊരധരപുടം കൊണ്ടു
മോന്തീടിനാൻ പോൽ ‖36‖

ബാലത്വം പൂണ്ടു മേവുന്നളവൊരു ദിനമങ്ങന്യഗോപാലരോടെ
മോഹത്താൽ വെണ്മുരിക്കിൻ കുസുമമതിനുതൻ മോതിരം വിറ്റുപോൽ നീ!
സ്നേഹത്തിൻ ഭംഗഭീത്യാ ബത രമയുമതിന്നപ്രിയം ഭാവിയാതേ
സേവിച്ചാളെന്ന ലോകോത്തരമധുരിമ ഞാൻ കണ്ടിതാവൂ കൃപാബ്ധേ! ‖37‖

തമ്മിൽ കളിച്ചു കലഹിച്ചു നിലത്തു വീണാർ
ചെമ്മേ ചുവട്ടിൽ വശമായ് ബലഭദ്രനപ്പോൾ
തന്മേൽക്കിടന്നു സുഖമേ മധുസൂദനൻ താ -
ന്നമ്മയ്ക്കനന്തശയനം വെളിവാക്കിനാൻ പോൽ! ‖38‖

മേഘശ്യാമമൊരേടമിന്ദുസദൃശം മറ്റേടമെന്നിങ്ങനേ
തേജസ്സത്ഭുതമായ് ഭവിച്ചിതു ഭവാന്മാർ തമ്മിലന്യോന്യമായ്
ഗാഢാശ്ലേഷമിയന്നനേരമതുകണ്ടാശ്ചര്യമായ് നിന്നവ -
ർക്കാകാശേ ബത വാമഗേഹനിലയാ! ശ്രീമൻ ! പരിത്രാഹി മാം ‖39‖

അമ്മേ ഞാൻ മണ്ണുതിന്നീലതു മനസി നിനക്കില്ല വിശ്വാസമെങ്കിൽ
ചെമ്മേ കാണെന്നു മെല്ലെച്ചെറിയ പവിഴവായ് കാട്ടിയമ്മക്കൊരുന്നാൾ;
അന്നേരം വിശ്വമെല്ലാമതിലനവധികണ്ടമ്മ മോഹിക്കുമപ്പോ -
ളമ്മേ! അമ്മിഞ്ഞ നൽകെന്നൊരു നിപുണത ഞാൻ
കണ്ടിതാവൂ മുകുന്ദാ! ‖40‖

ഊങ്കാ വിൽപതിനായൊരുത്തി തെരുവിൽ പോന്നങ്ങു വന്നീടിനാ -
ളേകാന്തേ ഭഗവാനവൾക്കു കുതുകാൽ നെൽ കോരി നൽകീടിനാൻ
മാഴ്കാതേ കനകം നിറഞ്ഞു സുഖമേ പാത്രത്തിലപ്പോളവൾ -
ക്കാകാശേ മരുവുന്ന ദിവ്യജനവും കണ്ടീടിനാരത്ഭുതം ‖41‖

ചൊല്ലൂ രാപ്പകൽ കുമ്പിയും വിരികയും ചെയ്യുന്നതെന്തെന്നു താൻ
ചൊല്ലുമ്പോളതിനിന്നതെന്നു പറവാനോർക്കും കിടാങ്ങൾക്കഹോ
എല്ലാർക്കും സഹസൈവ തോന്നിയൊരുമിച്ചെല്ലാരുമായ് ചൊല്ലിനാ -
രംഭോജം ജലജം പയോജമുദജം പാഥോജമെന്നേകദാ ! ‖42‖

അമ്മയ്ക്കപ്പാൽ തികക്കുന്നതിലവശതപൂണ്ടേതന്നെ നീക്കി മുലക്കെ -
ന്നമ്മയ്ക്കും പ്രീതിയാകെന്നരിശ്ശമൊട്ടു തയിർപാത്രമെല്ലാം തകർത്താൻ;
നിർമ്മര്യാദത്തിനൊന്നെറ്റണമതിനുമുതിർന്നമ്മ നോക്കീട്ടുമപ്പോ -
ളമ്മായപ്പൈതലെത്താനുരൽമുകളിൽ മുദാ കണ്ടതും കൈതൊഴുന്നേൻ! ‖43‖

ശ്രീമേവീട്ടുന്ന പൂമൈയുരലൊട്ടു കയർ കൊണ്ടമ്മ ബന്ധിച്ച നേരം
നാമം മറ്റൊന്നു ദാമോദരാ! ജയ നിതരാമെന്നു വിണ്ണോർ പുകഴ്ന്നാർ!
പ്രേമാവേശേന മന്ദം മരുതുകളിലിടെപ്പാഞ്ഞു മംഗല്യമേകി
ശ്രീമാന്മാർക്കംബുജാക്ഷൻ ധനപതിതനയന്മാർക്കതും
കൈതൊഴുന്നേൻ ‖44‖

നാശം പാരം നമുക്കെന്നവിടമവർ ബൃഹൽകാനനം കൈവെടിഞ്ഞി -
ട്ടാശാന്തേ ചെന്നു വൃന്ദാവനമതിൽ മരുവീടേണമെന്നാരൊരു നാൾ
ക്ലേശാന്തേ കാനനാന്തേ ശകടനിരകളോടിത്തുടങ്ങീ തദാനീം
കൈശോരം പൂണ്ടു ധാത്രീമടികളിൽ മരുവും രാമകൃഷ്ണൌ തൊഴുന്നേൻ ‖45‖

വൃന്ദാവനം പോലെ മരുപ്രദേശം
കുന്നായ ഗോവർദ്ധനവും വിശേഷാൽ
വൃന്ദാവനം കണ്ടു തെളിഞ്ഞു പോറ്റീ
സന്താപമെന്നുള്ളതു നീക്കി നീ മേ ‖46‖

പശ്ശുക്കിടാവായൊരു പാപി വന്നു
ശിശ്ശുക്കൾ കൂട്ടത്തിലടുത്ത നേരം
വശത്തുവെച്ചങ്ങു വധിച്ചു കണ്ണൻ
നശിക്കുമല്ലായ്കിലീ വിശ്വമെല്ലാം ‖47‖

കാളിന്ദീതീരമാർഗ്ഗേ വനഭുവി പശുപന്മാരുമൊന്നിച്ചു മെല്ലേ
ഗോവൃന്ദം മേച്ചു മേവീടിന ഭുവനപതേ! കൃഷ്ണ! കാരുണ്യസിന്ധോ!
ആകുന്നേനല്ല തൃക്കാലടിയൊടണവതന്നാശു ഞാനെന്തു ചെയ്വൂ
മോഹം നീങ്ങും പ്രകാരം വഴി തരിക വിഭോ! വാമഗേഹാധിവാസിൻ! ‖48‖

ആക്കം കലർന്ന തിരുമേനി വിഴുങ്ങുവാനായ്
കൊക്കും പിളർന്നു വലിയോരു ബകം വരുമ്പോൾ
ചിക്കെന്നവന്നു ഗതി നൽകി വിനോദമോടേ
ശക്രന്നു മോദമരുളീടിന തേ നമോസ്തു[3] ‖49‖

പീലിക്കാർമുടി കാൽത്തളിർ പൊടിയുമേറ്റൊട്ടൊട്ടഴിഞ്ഞങ്ങിനേ
താലത്തിൽ കുഴലും കുബേരനടയും ഗോപാലരും ഗോക്കളും
ബാലസ്ത്രീകളുഴന്നുവന്ന വഴിയിൽ പാർക്കുന്ന സൌഭാഗ്യവും
മേളത്തോടെഴുന്നള്ളീടുന്നൊരു ദിനം കണ്ടാവു കൺകൊണ്ടു ഞാൻ ‖50‖

കണ്ണൻ കൂടാതെ വണ്ണം പെരുകിനൊരു പെരും പാമ്പിനുള്ളിൽ കടന്നാ -
രെണ്ണം കൂടാതെ ഗോപാലരുമതിനിടയിൽ ഗോക്കളും ചേർന്നൊരുന്നാൾ
അന്നേരം താനുമുൾപ്പുക്കവനു ഗതികൊടുത്താശു മൂർച്ഛിച്ചവർക്കും
ദണ്ഡം കൂടാതെ പോന്നാനതുപൊഴുതസുരൻ ചെന്നു സായുജ്യമാർന്നാൻ ‖51‖

തൃക്കയ്യിൽ കബളാന്നവും വിരൽകളിൽ സാരോപദംശങ്ങളും
പോത്തും കൊമ്പുമുദാരപത്രവുമിടം കക്ഷേ വഹൻ കൌതുകാൽ
വസ്ത്രാന്തേ മടിയിൽ ധരിച്ചു മുരളീം ഗോപാലരും താനുമായ്
സ്വർഗ്ഗത്തുള്ളവർ നോക്കിനിൽക്കെ യജനാധ്യക്ഷൻ ഭുജിച്ചീടിനാൻ ‖52‖

ഉണ്ണിക്കരങ്ങളിലുരുട്ടിയ ചോറുമായി -
ട്ടുണ്ണിക്കിടാങ്ങളൊരുപോലെ ചമഞ്ഞ സംഖ്യം
ഒന്നിച്ചിരുന്നരുളയുണ്മതു കണ്ടുമുണ്ടും
വെണ്ണക്കിരന്നവനതിൽ നടുവേ നിരന്നു ‖53‖

[3] നമസ്തേ

വത്സസ്തോഭം മുകുന്ദൻ വനഭുവി പശുപന്മാരുമായ് മേച്ച കാലം
വത്സസ്തേയം വിധാതാ വിവശയിൽ വൃഥാ ചെയ്തു നിർവ്വിണ്ണനായാൻ
വത്സസ്തോമത്തെ നോക്കുംപൊഴുതു മകുടവും ഹാരപീതാംബരശ്രീ -
വത്സത്തോടെ വിളങ്ങീ ഭുവനമഖിലവും കണ്ടു വിഷ്ണുസ്വരൂപം ‖54‖

കഴുതദ്ദേഹമെടുത്ത ധേനുകൻ താൻ
പഴുതിൽചെന്നു പിടിച്ചു രാമനോടായ്
കഴൽതന്നെ[4] പിടിച്ചു നിഗ്രഹിച്ചി -
ട്ടഴകിൽ താലഫലങ്ങളാസ്വദിച്ചാൻ ‖55‖

തണ്ണീർ മുക്കിക്കുടിക്കുമ്പൊഴുതു കൊടുവിഷം തട്ടി മോഹിച്ചു വീണോ -
രുണ്ണിഗ്ഗോപാലരെക്കൊണ്ടൊരുദിനമുടനേ ചെന്നു കാരുണ്യവേഗാൽ
ഉണ്ണിക്കാൽകൊണ്ടു വണ്ണമ്പെരിയ ഫണിവരന്തന്നെ മർദ്ദിച്ചു പിന്നേ
ദണ്ഡം കൂടാതയച്ചീടിന പരമവിഭോ! നിന്നെ ഞാൻ കൈതൊഴുന്നേൻ ‖56‖

കാളിന്ദീതീരദേശേ നിശി വനദഹനൻ വന്നു ചുറ്റും ചുഴന്ന -
ക്കാളുന്നോരാധിയോടെ പശുപകുലമുണർന്നോടിയങ്ങോട്ടുഴന്നു
ചീളെന്നക്കാട്ടുതീയെത്തിരിമുഖകമലം കൊണ്ടു കണ്ണൻ നുകർന്നു
നാളൊന്നീവണ്ണമോരോ കളികൾ പലതുമക്കാനനാന്തേ തുടർന്നു ‖57‖

പ്രലംബനെന്നുള്ള സുരേന്ദ്രനോർത്താ
ലലംബുസന്താനമസാരനത്രേ
ചരാചരങ്ങൾക്കു സുഖം വരുത്താൻ
ഹലായുധൻ കൊന്നരുളീ വിനോദാൽ ‖58‖

ദൂരെപ്പോയങ്ങുമുഞ്ജാടവിയിലൊരു ദിനം ഗോക്കൾ ഗോപാലരെല്ലാം
പാരിക്കും കാട്ടുതീയ്യിൻ നടുവിലുടനകപ്പെട്ടു മുട്ടുന്ന നേരം
നേരേപോയ് ചെന്നുപാർക്കും കരുണയൊടവരെക്കണ്ണു ചിമ്മിച്ചു ചുറ്റും
പൂരിച്ചോരഗ്നിയെച്ചേർത്തതു തിരുവദനം കൊണ്ടതും കൈതൊഴുന്നേൻ ‖59‖

4 കഴലിൽതന്നെ

വേനൽക്കാലം കുളുർക്കാലവുമിടി തകരപ്പേമഴക്കാലവും പോയ്
മാനിച്ചു ഹന്ത! വൃന്ദാവനമതു സുവിലാസങ്ങൾകൊണ്ടംബുജാക്ഷൻ
വാനിക്കാർക്കത്ഭുതന്തന്നൊരു[5] പൊഴുതുമഭേദേന നൽകുന്നതെല്ലാം
ധ്യാനിക്കുന്നേരമൊട്ടോട്ടനുഭവമറിവെന്നാകിലും വന്നിതാവൂ ‖60‖

പീലിക്കണ്ണുമണിഞ്ഞു പിള്ളർ നടുവേ കണ്ണൻ കളിക്കുന്നതും
ശീലക്കേടുകൾ മേൽക്കുമേലനുദിനം വെവ്വേറെ കാട്ടുന്നതും
ബാലക്കാമിനിമാർ വിഴുത്ത തുകിൽവാരിക്കൊണ്ടൊളിക്കുന്നതും
ചാലെക്കണ്ണിഴികൊണ്ടു കാണ്മതിനു ഞാനെന്നേ കൊതിക്കുന്നുവാൻ! ‖61‖

ചൊല്ലേറും ബ്രാഹ്മണ സ്ത്രീജനമവർ വശമാക്കീടുമന്നം ഭുജിപ്പാൻ
നല്ലോരൌത്സുക്യമുൾക്കൊണ്ടൊരു ദിവസമെഴുന്നെള്ളി ദൂരം വനാന്തേ
മെല്ലെഗ്ഗോപാലരും ഗോക്കളുമതിനിട ചേർന്നേട്ടനം താനുമായ് ചേ -
ർന്നുല്ലാസം പൂണ്ടു മേവീടിന തിരുവുടൽ കണ്ടാവു കൺ
കൊണ്ടൊരു നാൾ ‖62‖

കൊഞ്ചിക്കൺകൊണ്ടു കുഞ്ചിപ്പശുപരൊടു കളിച്ചും മുദാ വല്ലവീനാം
വഞ്ചിച്ചും ചിത്തപത്മം മധുരമുരളികൊണ്ടാകെ വിശ്വം ജയിച്ചും
കുഞ്ചിക്കൈകൊണ്ടു കുന്നിൻകുട തിരുമുടിയിൽ ചൂടി നിന്നോരു നിൻമെ
നെഞ്ചിൽ തോന്നേണമാപൽ ഗണമനവധിയായ്വന്നു വീഴുമ്പൊളെല്ലാം ‖63‖

വർണ്ണിക്കാവല്ല വിഷ്ണോ! തവ ഗുണഗണമോരോന്നു ശേഷന്നുപോലും
കണ്ണിൽക്കാണുന്നവർക്കെന്തിതു വിഷയധിയാമെങ്കിലും പ്രാർത്ഥയേ ഞാൻ
വിണ്ണിൽക്കൂടും ജനങ്ങൾക്കധിപനവശനായ്വന്നു കൈകൂപ്പി വീണോ -
രുണ്ണിത്തൃക്കാലൊരിക്കൽ മനസി മമ ധരിക്കായ് വരേണാം കൃപാബ്ധേ ‖64‖

നന്ദൻ ചെന്നങ്ങു മുങ്ങീടിന വഴി വരുണൻ തന്റെ ലോകത്തു ചെന്നാ -
നന്നേരം നന്ദജൻ താൻ വരുണപുരിയിലുൾപ്പുക്കുകൊണ്ടിങ്ങു പോന്നാൻ
ബന്ധുക്കൾക്കൊക്കെയും താനനുഭവമരുളീ ബിന്ദുനാ നാദമപ്പോ -
ളേന്താമവ്വണ്ണമെന്നാകിലുമതിനുമഹം പാത്രമല്ലേ മുകുന്ദാ! ‖65‖

[5] വാനിക്കാർക്കത്ഭുതന്നീയൊരു

ഇന്ദിന്ദിരങ്ങൾ മുരളുന്നതുമിന്ദിരേശൻ
മന്ദം തുടങ്ങിയ കുഴൽ ധ്വനിയും വനാന്തേ
ഒന്നിച്ചു ചേർന്നു[6] തരുണാക്ഷികളോടു ചൊന്നാൻ
വൃന്ദാവനത്തിൽ വരുവാനവർ ദൂതരോവാൻ ॥66॥

ശുവെണ്ണിലാവു വിരവിൽ തെളിയുന്ന നേരം
പൂവിന്നിളം[7] പരിമളം ചൊരിയുന്ന നേരം
കാർവണ്ണനക്കുഴലെടുത്തു വിളിച്ച നേരം
നീർക്കണ്ണിമാരുഴറിവന്നതു കാണ്മതോ ഞാൻ ॥67॥

അംഗഭംഗികണ്ടു കണ്ടനംഗമാൽ പിണഞ്ഞു മേവു -
മംഗനാജനത്തൊടേ മനം കലർന്ന മാധവൻ
രംഗനാഥനെന്നുപേർ പുകഴ്ന്ന നാഥനിന്നെനിക്കു
സംഗനാശമെന്നുചൊന്ന മംഗലം തരേണമേ ॥68॥

ചെന്താമലർപ്പൂമലർ മാല മൌലൌ
ചെന്താമരക്കണ്ണനണിഞ്ഞു നന്നായ്
വൃന്ദാവനത്തിൽക്കുഴലൂതുമക്കോ -
പ്പെന്നാകിലും ചേതസി കണ്ടിതാവൂ ॥69॥

വൃന്ദാവനത്തിലെഴുനെള്ളി വിലാസമോടെ
മന്ദാരമാല കുഴൽ പീലികൾ പൂണ്ടു നന്നായ്
പെണ്ണുങ്ങളോടുമിടചേർന്നു നിലാവു തോറും
കണ്ണൻ കളിച്ച കളിയമ്പൊടു കാണ്മനോ ഞാൻ ॥70॥

ഗോപസ്ത്രീകൾ മറഞ്ഞുപോയ തിരുമെ കണ്ടിട്ടു കൌതുഹലാൽ
മാറത്തും മുലമേലുമാസ്യകമലം തന്മേലുമാശ്ലേഷിതം
ശ്രീമൽ ചേവടി മൂവ്വടിക്കു ഭുവനം വെന്നീടുമോജസ്സോടെ
ചേതസ്സിങ്കലുദിപ്പതിന്നു സുകൃതം പോരാഞ്ഞിരന്നീടിനേൻ ॥71॥

വട്ടപ്പോർ കൊങ്കമൊട്ടും തടവി മുരഹരൻ മെല്ലെ വട്ടക്കളിക്കായ്
മട്ടോലുംവാണിമാർ തന്നിടയിൽ മരതകം പോലെ ചേർന്നും വിളങ്ങീ
വാട്ടം തട്ടാതെ താളം തരിവള കടകം നൂപുരത്തോടിണങ്ങീ
പൃഷ്ടാനന്ദേന നിൽക്കും മുഴുമതിയതിലാമ്മാറു ഗീതങ്ങൾ പൊങ്ങീ ॥72॥

---

6 ചെന്നു
7 പൂവിന്നുളം

പീലിക്കാർമുടി ചാഞ്ഞതും തിരുമുഖം മെല്ലേ വിയർക്കുന്നതും
ചാലക്കണ്മിഴികൊണ്ടു കാമിനികളെക്കാമിച്ച നൈപുണ്യവും
നീലക്കാർമുകിൽ വർണ്ണവും തിരുവുടൽക്കുള്ളോരു സൌരഭ്യവും
ബാലക്കാമിനിമാർ മയങ്ങിയതുമെൻ കൺകൊണ്ടു കണ്ടാവു ഞാൻ ॥73॥

ഏകാന്തേ ദേവയാത്രാവിധിയിലധികമാമംബികാകാനനത്തിൽ
പൂകുന്നോർ യാദവന്മാരതിലൊരഹിവരൻ നന്ദനെ ചെന്നു തിന്നാൻ
വേഗം തൃക്കാലുകൊണ്ടേ ഗതിയരുളിയവൻ പണ്ടു വിധ്യാധരമ്പോൽ
ശോകം നീക്കീടവണ്ണം മനസി മധുരിപോ! മംഗളം ദേഹി മഹ്യം ॥74॥

അംഗനാജനത്തേയും പിടിച്ചുകൊണ്ടു മണ്ടിനോരു
ശംഖചൂഡനെപ്പിടിച്ചവന്റെ മൌലിരത്നവും
തങ്കലാക്കി മെല്ലവേ ഹലായുധന്നു നൽകിനോരു
പങ്കജാക്ഷ! നിൻ കൃപയ്ക്കു പാത്രമാക്കുകെന്നെയും ॥75॥

അരിഷ്ടനെന്നുള്ളൊരു ദുഷ്ടനാലു -
ള്ളരിഷ്ടമന്നാട്ടിനു തട്ടിയപ്പോൾ
ഗിരിഷ്ഠനാം നീ കൊലചെയ്തു ശേഷം
വരിഷ്ഠമായുള്ള പദം ലഭിച്ചാൻ ॥76॥

ചാലെക്കാണായ നീലക്കുതിര വിരുതനാം കേശി നാശം വരുത്താൻ
നീലക്കാർവർണ്ണ! നിന്നോടരിശമൊടുമുതിർന്നൊന്നു നേരിട്ടു പാഞ്ഞാൻ
ബാലകൈ വായിലാക്കീട്ടരിമരനിമിഷം കൊണ്ടു കൊന്നാൻ ത്രിലോകേ
മാലാകെത്തീർത്തു മായാവിയെ മയസുതനെക്കൊന്നതും
കൈതൊഴുന്നേൻ ॥77॥

നാളേക്കു നാളെ മഥുരാപുരിയിന്നു കാണാം
നാളീകനേത്ര! തവ മാതുലനിഗ്രഹം മേ
കേളെന്നു നാരദമുനി സ്തുതി ചെയ്തു നീ താൻ
പാലിച്ചുകൊൾക പരമേശ്വര പത്മനാഭ! ॥78॥

അക്രൂരൻ മിക്കതും മേൽ വരുവതു വഴിയെന്നുള്ളിലോർത്തോർത്തു വന്നാൻ
വ്യഗ്രം കൈവിട്ടു തൃക്കാൽപ്പൊടിയിലവശനായ് ഹന്ത! വീണങ്ങുരുണ്ടാൻ
നിൽക്കുന്നു പൈ കറുക്കുന്നതുമഴകൊടുകണ്ടത്തുതന്മാർ ഭവാന്മാ -
രഗ്രേ താനോർത്തതെല്ലാമവശമനുഭവിച്ചാനഹോ ഭാഗ്യശാലീ ॥79॥

അക്രൂരർക്കൊട്ടുമിക്രൂരത രുചിരതയല്ലെന്ന ഗോപീജനാനാ -
മൊക്കേ ക്ലുടുമ്പൊഴുണ്ടായ് മറകളുപനിഷൽഗീതമെല്ലാമതത്രേ
അക്കാളിന്ദീജലത്തിൽ പ്രണയവിവശനായ് തന്നെയും ശേഷനേയും
ഭക്തന്നമ്പോടു കാണിച്ചഥ മഥുപുരിയിൽ ചെന്നതും കൈതൊഴുന്നേൻ ‖80‖

വസ്ത്രങ്ങൾ കന്മഷമലക്കിയലക്കി നൽകും
സൽകർമ്മമാണ്ട രജകന്ന നിമേഷമാത്രം
തൃക്കൈയ്യുകൊണ്ടടി കൊടുത്തവനുള്ള പാപം
ചിക്കെന്നുപോക്കിയെഴുനെള്ളിയതും തൊഴുന്നേൻ ‖81‖

ചങ്ങാതിമാർ പലരുമായൊരുമിച്ചു നല്ലോ -
രങ്ങാടിപുക്കു തെരുവൂടെ നടക്കുമപ്പോൾ
മങ്ങാതെ വസ്ത്രകുസുമാദികളങ്ങുമിങ്ങും
സമ്മാനമാണ്ട ഭഗവാനിത കൈതൊഴുന്നേൻ ‖82‖

അംഗം കുന്നോരു ദാസീമലിവൊടവൾ കൊടുത്തംഗരാഗപ്രസാദാ -
ലംഗം നേരാക്കിയപ്പോളവളുമഴകുകണ്ടംഗജഭ്രാന്തി പൂണ്ടാൾ
മങ്ങാതേ മന്മഥക്കത്തിന്നു പുരമൊരുനാളങ്ങു ചെന്നിട്ടനേകം
മംഗല്യം കൈവളർത്തീടിന ഭുവനപതേ! കൃഷ്ണ തുഭ്യം നമോസ്തു ‖83‖

ചൊല്ലേറും കൊലകൊമ്പനാം കുവലയാപീഡത്തൊടെത്തുന്നതും
മല്ലന്മാരൊടു നേരിടുന്നതുമുടൻ കൈവല്യമേകുന്നതും
മെല്ലേ മാതുലനെപ്പിടിച്ചു സഹസാ കൈകൊണ്ടു കൊല്ലുന്നതും
കല്യാണം ജനനിക്കു നൽകിയതുമെൻ ഗോവിന്ദ! കൈകൂപ്പിനേൻ ‖84‖

താനേ തന്നെയൊരോന്നു കണ്ടു ജനകന്നമ്മയ്ക്കുമുണ്ടായ് വിഭോ!
കണ്ണൻ കേവലനെന്നു തത്ര പിതരൌ ഭക്ത്യാ പുകഴ്ത്തീടിനാർ
സൌന്ദര്യാദികൾ വാസഭൂമി തിരുമെയ്പോരാഞ്ഞുഴന്നീടുമ -
ക്കണ്ണൻ കാർമുകിൽവർണ്ണനേ മനസി പോന്നാവിർഭവിക്കേണമേ ‖85‖

വൈകുന്നേരം ഗുരുസ്ത്രീ ജനവചനമുപാകർണ്യ താനും കുചേലൻ
മാഴ്കാതേ ഭാഗ്യവാനങ്ങവരിരുവരുമായിന്ധനത്തിന്നു പോയാർ
പെയ്യും പേമാരിയെല്ലാം മുടിയിൽ വിറകുമായേറ്റു കയ്യും പിടിച്ചി -
ട്ടയ്യോ കഷ്ടം! പ്രഭാതത്തൊളമടവിയിലേ നിന്നതും കൈതൊഴുന്നേൻ ‖86‖

യാചിച്ചവർക്കവരവർക്കു സമസ്ത പാപം
മോചിച്ചു തൽക്ഷണമതേ പറയേണ്ടതുള്ളൂ
പൂജിച്ചുവെച്ച കുലവില്ലുമൊടിച്ചു മെല്ലെ
മോദിച്ചുപോന്ന മരുവീടിനതും തൊഴുന്നേൻ ‖87‖

മാനിക്കുമ്പോൾ മനസ്സും മടിയുമതിശയം കൊണ്ടു വർണ്ണിക്കുമപ്പോൾ
വാണിക്കുമ്പോയടുത്തീടരുതു ബത ജഗന്മോഹനന്തേ മഹത്വം
ആനക്കൊമ്പും ധരിച്ചേട്ടനുമനുജനുമായ് ചെന്നതും രംഗദേശേ
ധ്യാനിക്കുമ്പോളുദിച്ചീടുക മനസി സദാ വാസുദേവ! പ്രസീദ ! ‖88‖

മുമ്പേ താൻ ഗുരുദക്ഷിണയ്ക്കു ഗുരുവോടൻവേഷണം ചെയ്തുപോ -
തംഭോധൌ സഹസാ മരിച്ച മകനെക്കാണ്മാൻ കൊതിച്ചീടിനാൻ
ഗാംഭീര്യത്തൊടു പാഞ്ചജന്യനിനദം കേട്ടന്തകൻ സംഭ്രമി -
ച്ചമ്പോടേകിന ബാലനെഗ്ഗുരുവിനായ്ക്കാണിച്ച നീ പാഹി മാം ‖89‖

ഏകാന്തേ സംശയം മേ തവ പദകമലം കൊണ്ടു ഭൂലോകമിപ്പോൾ
വൈകുണ്ഠം താനിതെന്നായതു പൊഴുതു മഹാലോകർവൈകുണ്ഠവാസിൻ!
വൈകുണ്ഠം നോക്കി വാഴുന്നവരവനിതലം തന്നെ വന്ദിക്കുമപ്പോൾ
കൈക്കുപ്പേണ്ടുന്നെനിക്കോ മുരമഥന വിഭോ! ഹന്ത! സാന്ദീപിനിക്കോ ? ‖90‖

പ്രീത്യാ കാന്തൻ നിയോഗിച്ചഴൽ കളവതിനായുദ്ധവർ വന്നതിപ്പോ -
ളത്യവേഗാൽ വിയോഗത്തുയിർകൾ മധുകരത്തോടശേഷം പറഞ്ഞാൻ
തത്വം ചിത്തേ ധരിച്ചപ്പൊഴുതു വിരഹജം ദുഃഖമെല്ലാം ത്യജിപ്പാ -
നെത്തീടും ഭക്തി കണ്ടുദ്ധവരുമവിടെയഗ്ഗോപികൾക്കായ് നമിച്ചാൻ ‖91‖

അക്രൂരനെക്കൊണ്ടഥ ഹസ്തിപുര്യാ -
മക്രൂരദുര്യോധനവൃത്തമെല്ലാം
അക്രൂരരാം പാണ്ഡവവൃത്തവും താ
നഗ്രേ ധരിക്കും ഹരയേ നമോസ്തു ‖92‖

മുഷ്കേറും യവനന്റെ മുമ്പിൽ മുചുകുന്ദൻ തന്നെയോർത്തിട്ടുടൻ
വെക്കം പാർത്തഥ മാഗധൻ വരവിലും വേഗം നടിച്ചീടിനാൻ
ദുർഗ്ഗം തീർത്തഥ രേവതീരമണനോടൊന്നിച്ചു മേവും വിഭോ!
തൃക്കാൽ കണ്ടു നമസ്കരിപ്പതിനൊരിക്കാലേ വരിച്ചീടിനേൻ ‖93‖

വേളിക്കുതന്നെ ശിശുപാലനൊരുങ്ങിവന്നാൻ[8]
നാളീകനേത്രനമട്ടുത്തെഴുനെള്ളി നിന്നാൻ
കോലാഹലത്തൊടഗജാപുരിയിന്നു പോമ്പോ -
ളാലോലനേത്ര ഗരുഡധ്വജനോടണഞ്ഞാൾ ‖94‖

പ്രാദ്യുമ്നാദികളെത്രയുണ്ടു ഭവതഃ പശ്ചാദവർക്കെത്രവാൻ
പുത്രന്മാരനിരുദ്ധരാധികളുമെല്ലാർക്കും നമിക്കുന്നു ഞാൻ
പ്രത്യേകം ഗുണകർമ്മമോർത്തു പറവാനാളല്ല ബാണാസുരൻ
ഹസ്തച്ഛേദനമൊന്നു ഹസ്തിനപുരീനിര്യാണമിത്യാദികൾ ‖95‖

സമ്മോദംപൂണ്ടു വേൾപ്പാനഭിരുചി പെരുതസ്സത്യഭാമയ്ക്കുലെന്നോ
കാണ്മാനോ ജാംബവാനെ പ്രണയനിധിയെ നീ ദുര്യശസ്സൊന്നു തീർത്തു
കാണ്മായത്തെപ്പുകഴ്ത്തീടരുതു തവ പരബ്രഹ്മമേ മന്ദമന്ദം
പെണ്മാണിക്യങ്ങളെണ്മർക്കുമൊരനുഭവമായ് തീർന്ന
നിന്നെത്തൊഴുന്നേൻ ‖96‖

മൈക്കണ്ണീമാർകൾ പതിനാറുസഹസ്രമൊന്നി -
ച്ചുൽക്കൺഠയാ തദനു ഭൌമഗൃഹേ ലഭിച്ചാൻ
അക്കൌശലങ്ങളറിയാഞ്ഞു മുനീന്ദ്രനും പോയ്
ചക്രം തിരിഞ്ഞു ഭവനങ്ങളിലെന്നു കേൾപ്പൂ ‖97‖

ദ്വാർവത്യാം ഭവനേഷു തേഷു പതിനാറാമായിരം മൂർത്തിയായ്
ശീഭർത്താവിനെ നിന്നെ നിർമ്മലഗുണാൻ വെവ്വേരെ കൈകൂപ്പിനേൻ
സാപത്ന്യം തടവും മഹേന്ദ്രനെയുടൻ ജിത്വാ ഹരിച്ചങ്ങഹോ
സാമർത്ഥ്യത്തൊടു സത്യഭാമയുടനേ പൂങ്കാവു കൽപദ്രുമം ‖98‖

എന്തായ്യൂ വിപ്രശാപാൽ നൃഗനവശതയാ പണ്ടു പണ്ടേ കിടന്നാ -
നോന്തായിട്ടപ്രദേശേ നിഭൃതമതു ബലാൽ ബാലകന്മാർ പറഞ്ഞാർ
സന്താപം തീർത്തെടുത്തങ്ങവനനവധിചെയ്തോരു ദാനങ്ങളെല്ലാം
ബന്ധുക്കൾക്കുള്ളിലാക്കീട്ടവനു ഗതി കൊടുത്തോരു തുഭ്യം നമോസ്തു ‖99‖

വാവായെന്നു വിളിച്ചു കേളിപരനായ് ലീലയ്ക്കു കാളിന്ദിയെ
ഭാവാലൊന്നു പകർന്ന മത്തത കലർന്നെന്തേതു പോകുന്നിതോ
കോപാലക്കരികൊണ്ടു നേരെ കുഴിയെത്തോണ്ടീടിനാൻ ഭവാൻ
താപാകർഷണമെന്നതെങ്കലരുളീടാനന്ദനീലാംബര! ‖100‖

8 ശിശുപാലനൊരിക്കൽ വന്നാൻ

തന്നെസ്സ്നേഹമിയന്നവർക്ക നിമിഷം ദ്വേഷിച്ചവർക്കും ബലാൽ
തന്നെപ്പോലെ ചമഞ്ഞവർക്കുമരുളീ കൈവല്യമല്ലേ വിഭോ!
തന്നെത്താനറിയാഞ്ഞു ഖിന്നമതിയായ് നിന്നോടിരന്നീടിനോ -
രെന്നെക്കാണവശം കൃപാലയ! ജയ! ശ്രീവാമഗേഹാലയ! ‖101‖

തൃക്കയ്യാൽ മരണം വരേണമതിനായ് പണ്ടേയിരിക്കുന്നവൻ
ചൊൽകൊള്ളും വിവിദൻ മുദാ മുസലി താനമ്പാടിയിൽ ചെന്ന നാൾ
മൈക്കണ്ണൻ പലരോടുമായ് മധുമദം പൂരിച്ചു മേവുന്നവൻ
തൃക്കയ്യാൽ മരണം ലഭിച്ചു പരലോകേ പോയ് സുഖിച്ചീടിനാൻ ‖102‖

പുത്രന്മാർ പത്നിമാരെന്നിവരൊടു സുഖമേ നിത്യവും ദ്വാരവത്യാം
പൃത്ഥ്വീഭാജാം ഗൃഹസ്ഥാശ്രമവിധിയുപദേശിച്ചുകൊണ്ടച്യുതൻ താൻ
നിത്യാത്മാ നിത്യദാനാദികൾ നിയതമൊരുക്കുന്നതും തന്മേലേ പോ -
യാസ്ഥാനേ ചേർന്നു ധർമ്മാദികൾ വിരവിൽ വിചാരിപ്പതും
കൈതൊഴുന്നേൻ ‖103‖

ക്രുകീ കോഴി വനാന്തരേ വിറകുമായ് നിന്നന്നു രാവേ തഥാ
ക്രുകീ കോകിലവാണിമാർ കുചതടേ മേവീടുമന്നാളിലും
ക്രുകും കോഴികൾ തമ്മിലുള്ള സുകൃതം ശൌരേ പറഞ്ഞീടുവാ -
നാകുന്നീല ചരാചരങ്ങളിലുമുണ്ടത്യന്തഗത്യന്തരം ‖104‖

കാരാഗൃഹത്തിൽ നരപാലർ പറഞ്ഞ വാക്കും
ശ്രീനാരദോക്തിയുമതിൽ കരണീയമാദൌ
ശ്രീമാനൊടുദ്ധവരൊടെങ്ങിനെയെന്നനേകം[9]
പ്രേമാതുരം തിരുമുഖം തവ കാണ്മനോ ഞാൻ ‖105‖

ഇന്ദ്രപ്രസ്ഥത്തിലിന്ദുപ്രിയസുതനെ നിനച്ചുള്ളൊരൌത്സുക്യവേഗാൽ
വന്നിട്ടബ്ഭീമനാലെ മഗധപതിയെയും കൊന്നു നാടും ജയിച്ചാൻ
ധന്യാത്മാ രാജസൂയം നരപതി ബത സാധിച്ചതും ധർമ്മജൻ താ -
നൊന്നായീ ചൈദ്യനപ്പോൾ മധുമഥന! ഭവാനോടതും
കൈതൊഴുന്നേൻ ‖106‖

സാലൻ വന്നച്ഛനെക്കൊന്നൊരു മറിവു കുറഞ്ഞോന്നതംഗീകരിച്ചി -
ട്ടെല്ലാം പോയ് ചെന്നു വന്നീടിന ഗതിയവനും നൽകിനാനേകഭാവം
കല്യാണങ്ങൾക്കു മൂലം തവ പദകമലം സേവ ചെയ്താവതെല്ലാം
നിർലജ്ജം കീർത്തനം ചെയ്വതു കിമപി ചെവിക്കൊൾക
വാതാലയേശ! ‖107‖

9 എന്നതേകം

ശ്രീരാമൻ തീർത്ഥയാത്രാ വിധിയിലസുരനെക്കൊന്ന പുണ്യപ്രദേശാൻ
ശ്രീകാശീ കാഞ്ചി കാവേരികൾ മധുരമഹേന്ദ്രാദി കന്യാകുമാരീ
ശ്രീരാമൻ സേതുബന്ധിച്ചവിടമൊരു ധനുഷ്കോടിയെന്നിങ്ങനേത്താ -
നോരോന്നേ സേവ ചെയ്തങ്ങമലമതി മുദാ വന്നതും കൈതൊഴുന്നേൻ ‖108‖

നിർമ്മായം താൻ കുചേലൻ ദ്വിജവരനവിടം വിട്ടു വേറിട്ടു വേട്ടാ -
നമ്പാനില്ലാഞ്ഞലഞ്ഞാൻ പുനരൊരു ദിവസം ദ്വാരകാം കണ്ടു ചൊന്നാൻ
സമ്മോദം പൂണ്ടിരുന്നാനവിലരി തിരുമുൽക്കാഴ്ച്ചവെച്ചാൻ പ്രഭതേ
ബ്രഹ്മാനന്ദേന പോന്നാൻ ധനദനെ വിഭവം കൊണ്ടു
വെക്കം ജയിച്ചാൻ ‖109‖

അക്കാലത്തുടനതുപൂർവ്വമുളവായർക്കോപരാഗം തഥാ
ചൊൽക്കൊള്ളുന്ന സമന്തപഞ്ചകമഹാതീർത്ഥത്തിനെത്തും വിഭോ
അഗ്രേ ബന്ധുജനങ്ങളൊക്കെയവിടെ കൂടീ സുഖിച്ചൊട്ടുനാ -
ളച്ഛന്റേ യജനം കഴിച്ചു പുരിയിൽ പോരും ഹരേ! പഹി മാം ‖110‖

തങ്കയ്യീന്നു പറിച്ചു കംസനശുഭം ചെയ്തോരു പൈതങ്ങളെ -
സ്സന്തോഷത്തൊടു കാൺകയിൽ കുതുകമുണ്ടമ്മയ്ക്കതും കൊണ്ടു നീ
തങ്കൽ ഭക്തിമതാം വരിഷ്ഠനസുരൻ വാഴുന്ന ലോകത്തു പോയ്
കൊണ്ടുവന്നമ്മയനുഗ്രഹിച്ചതു മുദാ മൂർദ്ധ്നാ ലഭിച്ചീടിനാൻ ‖111‖

പാർത്ഥന്നാത്മസഹോദരീമഴകുതായ് സാധ്യം വരുത്തുന്നതും
കത്തും തിയ്യതയച്ചു ദുഷ്ടനെയുമച്ചക്രം ദഹിക്കുന്നതും
ഭക്തിന്നശ്രുതദേവനും മിഥിലനും മോക്ഷം കൊടുക്കുന്നതും
പ്രീത്യാ നിൻ ചരിതങ്ങൾ നിത്യവുമഹോ ചിത്തേ ലഭിക്കേണമേ ‖112‖

പൃത്ഥ്വീദേവന്റെ പത്താം തനയനുടലൊടെ മാഞ്ഞപോതർജ്ജുനൻ താ -
നഗ്നൌ ചാടീടുമെന്നായതു പൊഴുതവനും താണമന്തർമ്മലേ പോയ്
പ്രീത്യാ വൈകുണ്ഠലോകത്തെഴുന്നരുളി യഥാപൂർവമാഗത്യ ബാലാൻ
പ്രത്യേകം പാർത്ഥനെക്കൊണ്ടഴകിനൊടു കൊടുപ്പിച്ച തുഭ്യം നമോസ്തു ‖113‖

ഏറപ്പോരും പ്രഭുക്കൾക്കുഷസി തുയിലുണർത്തും ചിലർക്കെന്ന പോലെ
യോഗശ്രീ നിദ്രയെന്നും പ്രളയമവധിയാം കാലമാനന്ദമൂർത്തേ!
ഏകാന്തേ പോയ് സ്തുതിക്കും ശ്രുതികളവിടെയന്നുള്ള ദിവ്യാക്ഷരങ്ങൾ -
ക്കോരോന്നേ സന്നമിപ്പാൻ കൃപ തരിക വിഭോ! വാമഗേഹാധിനാഥാ! ‖114‖

എണ്ണായിരം നേരെയിരട്ടി നല്ലാർ
നന്നായിരുന്നോരു വിഭ്രുതി കണ്ടാൽ
കണ്ണായിരം പൂണ്ടവനും കൊതിക്കും
പെണ്ണായിരുന്നാവിതു പത്മനാഭ! ‖115‖

ചാലേ കവാടമഴകോടു തുറന്നുകൊണ്ടു
മാലേയപങ്കവുമണിഞ്ഞു തെളിഞ്ഞു നന്നായ്
കേളീകലാശസമയേ കുളിർതെന്നലേറ്റു
നാളീകനേത്രനലസാക്ഷിയുമായി നിന്നാൻ ‖116‖

ശ്രീനീലകണ്ഠപാദപാംസുലവപ്രസാദാൽ
ശ്രീകൃഷ്ണലീലകളിവണ്ണമൊന്നു ചൊന്നേൻ
ശ്രീമാൻ മുകുന്ദ ജയ വാമപുരാധിനാഥ!
ശ്രീപാദഭക്തിയരുളീടുക നാളുതോറും ‖117‖

ക്രമത്തിലാക്കീടിന ശൂലപാണി -
ക്രമത്തിനാലിത്ഥമതീവ ചിത്രം
ശ്രുവിച്ചു ഭാവീ ശ്രുവണാമൃതം മേ
രമിച്ചുകൊൾകച്യുത പാദമൂലേ ‖118‖

പള്ളീക്കുറുപ്പു മരമെന്ന കണക്കെ നിന്നെ -
പിള്ളയ്ക്കുറപ്പു ജനനീവ സമാശ്രയം മേ
ഉള്ളിൽ കുറപ്പുകളവാൻ തിരുവുള്ളമോടേ
പള്ളിക്കുറുപ്പുണരവേണമനന്തശായിൻ! ‖119‖

എള്ളിൽ കലർന്നിയലുമെണ്ണകണക്കെയാത്മാ -
വെല്ലാർക്കുമെന്നതറിയാതെ മയങ്ങിനേൻ ഞാൻ
തള്ളിക്കളഞ്ഞു സകലം മമ കന്മഷം നീ -
യുള്ളിൽ തെളിഞ്ഞുണരവേണമുദാരകീർത്തേ! ‖120‖

മന്നിൽപിറന്നു മതിയുള്ള മനുഷ്യനായാ -
ലുണ്ണിത്തമായ്ക്കഴിയുമാദിയിലുള്ള കാലം
പൊണ്ണത്തമായതുമിതും കരുതീട്ടശേഷം
തന്നെത്തിരഞ്ഞറികയെന്നതസാധ്യമത്രേ ‖121‖

സൂനം താൻ പ്രീതി നാനാവിധമഹിതകഥാ നാമസങ്കീർത്തനം താ -
നാനന്ദശ്രദ്ധയുള്ളോർക്കതുമതു വിധമായുണ്ടു വേദാന്തവാക്യം
ഞാനും ത്വൽപാദ സന്ദർശനമൊരുവിധമങ്ങാസ്വദിപ്പാനിരിപ്പോ -
നാനന്ദപ്രാപ്തിയാനയ്ക്കരുളിന ഭഗവാനല്ലയോ നീ കൃപാബ്ധേ! ‖122‖

കണ്ണും[10] കറുത്തമലപോലെ യമന്റെ ദൂതർ
കണ്ണും മിഴിച്ചലറിയോടി വരുന്ന നേരം
കണ്ണൻ കളിച്ച കളി കീർത്തനമൊന്നു കേട്ട -
പ്പൊണ്ണൻ മലച്ചു മറിയുന്നതു കാണ്മനോ ഞാൻ ‖123‖

ഒന്നിച്ചിരുന്നു മകൾ മക്കളുടപ്പിറന്നോ -
രിന്നിച്ചിരിക്കുമവരെന്നറിയാതെ മോഹാൽ
മന്ദിച്ചു മാനസമൊരന്ധത പൂണ്ടിരിപ്പോ -
രെന്നെക്കുറിച്ചരുൾക നീ കൃപ വാസുദേവാ! ‖124‖

ഓണം വരുന്നു വിഷുവുണ്ടു പിറന്നനാളു -
ണ്ടാനന്ദമിങ്ങിനെയൊരാണ്ടിലഹോ ജനാനാം
കാണുന്നു നിത്യവുമനിത്യമിതെന്നു ചെമ്മേ
വേണം കുറഞ്ഞൊരു വിചാരമകക്കുരുന്നിൽ ‖125‖

നാളെത്തുടങ്ങണമിതെന്നു നിനച്ചിരുന്നാൽ
നാളേക്കു നാളെയതിനില്ലൊരൊടുക്കമെന്നും
നാളീകനേത്രചരണാംബുജസേവ ചെയ്വാ -
നാളാകിലപ്പൊഴേ തുടങ്ങണമപ്രകാരം ‖126‖

മന്നാശയാലും മദനാശയാലും
പൊന്നാശയാലും മറുകുന്നു ലോകം
നിന്നാശ കണ്ടീലൊരുവർക്കുമയ്യോ
കണ്ണാ! ശമം നൽകുക മാനസേ മേ ‖127‖

മോഹത്തിനാലുമഥ കാമവശാലുമോരോ -
നാകത്തിനായനുകരിപ്പിതു കർമ്മമേതൽ
താപിഞ്ഛമഞ്ജരിയൊടൊത്ത കളേബരം നീ
ഭാവിച്ചുകൊൾകഴകിൽ നന്ദകുമാരകസ്യ ‖128‖

[10] കണ്ണം

സത്രം കാണൊരിടത്തു ചത്തു കരയും കോലാഹലം കുത്രചിൽ
വിദ്വാന്മാരൊരിടത്തു മധ്യപകുലം തച്ചും കയർത്തും ക്വചിൽ
മുഗ്ദ്ധസ്ത്രീയൊരിടത്തു മുത്തുകളിരുന്നേങ്ങിക്കുരച്ചന്യതഃ
ശ്രോത്രാദിക്കമൃതോ തളിച്ച വിഷമോ വിശ്വം വിചിത്രം വിഭോ ‖129‖

കാമാതുരം മാനസമെങ്കിലും ശ്രീ -
നാമാമൃതം നാവിലണച്ചുകൊള്ളൂ
ശ്രീമാധവന്റെ ചരണാംബുജത്തിൽ
പ്രേമാധികം നാളിൽ മുഴക്കുമല്ലോ ‖130‖

നാവേ നിനക്കു വലിയോരുപദേശമുണ്ടേ
നാവാലുരപ്പതിനു ഞാൻ തുനിയുന്നു കേൾ നീ
നാരായണന്റെ തിരുനാമമുറക്കെയാമ്പോൾ
നാണിച്ചുപോകരുതതേ തവ വേണ്ടതുള്ളു ‖131‖

ഏണീദൃശാം വദനവും പണവും നിനച്ചി -
ട്ടാനന്ദമൂർത്തിയെ മറായ്ക മനക്കുരുന്നേ!
പ്രാണാൻ തളർന്നു തമകാദികളായ് ചമഞ്ഞാൽ
വേണ്ടുന്നതൊന്നുമെളുതല്ല നമുക്കറിഞ്ഞാൽ ‖132‖

കോണിക്കൽ നിന്നു കരയുന്ന കിടാങ്ങൾ പോലെ
തോണിക്കൽ നിന്നു വലയും വഴിപോക്കർ പോലെ
കാണിക്ഷണം പൊഴുതുപോലുമുപേക്ഷയാതെ
കാണിത്ഥമെൻ തൊഴിൽ കൃപാം കുരു വാസുദേവ ‖133‖

വമ്പേറുന്ന സുരർക്കു ഡംഭ കളവാനമ്പേറുമമ്പാടിയിൽ
പൈമ്പാൽ വെണ്ണ പകർന്നു കുംഭമുടനേ സംഭിദ്യ മേവും വിഭോ!
അംഭോജത്തിനു സംഭ്രമാർത്തിയരുളും നിൻ പാദമമ്പീടിനോ -
രെൻ പാപത്തിനു കമ്പമേകുക നിലിമ്പാരാതിസംപേഷണം ‖134‖

നിർമ്മായം നിജധർമ്മമാസ്ഥയൊട്ടു ചെയ്താകുന്ന സൽകർമ്മവും
പെണ്മായത്തിലകപ്പെടാതെ മരുവീടെന്നാകിൽ നന്നായ് വരും
കർമ്മാകർമ്മ വികർമ്മമർമ്മമറിവാനാളല്ല നാമാമൃതം
നമ്മാലാവതു സേവചെയ്ക സുഖമേ തൃക്കാലൊടെത്തീടുവാൻ ‖135‖

ചിത്തം മറന്നു വിഷയങ്ങളൊരോന്നു നോക്കി -
ച്ചുത്തും പിറന്നുമുഴലായ്ക മനക്കരുന്നേ!
വിശ്വം നിറഞ്ഞു വിളയാടിന തമ്പുരാനേ
ചിത്തേ കലർന്നനുഭവിപ്പതിനോർത്തുകൊൾ നീ ॥136॥

നോക്കാവതാണു മനമേ! മനുജന്നു തന്നാൻ[11]
നീക്കാവതല്ല ഭവിതവ്യമൊടുങ്ങുവോളം
ആക്കം കുറഞ്ഞനുഭവങ്ങൾ പകർന്നു കാണാം
വീർക്കുന്ന വീർപ്പവിടെ നേർത്തുവരും ക്രമേണ ॥137॥

ഭോഷ്കം പറഞ്ഞു ഭവനങ്ങളിലംഗനാനാം
പോയ്കൂട്ടമപ്പരിചു രാപ്പകലുള്ളതെല്ലാം
നീർപ്പോളപോലെ മരുവുന്ന കളേബരാന്തേ
വീർപ്പുണ്ടതും നിയമമല്ല നിനയ്ക്കെടോ നീ ॥138॥

കന്യാകുബ്ജത്തിലല്ലായ്കയോ ജനനമതോ ദാസിയേ കാമിയാഞ്ഞോ
ത്വന്നാമത്തിന്നുമിപ്പോൾ കലിയുഗമതുകൊണ്ടുള്ള വീര്യം കുറഞ്ഞോ
എന്നോ നാലക്ഷരാന്തൻ മുഴുവനരുതതിൽ കുറ്റമെന്നിൽ പിണഞ്ഞോ
ത്വന്നാമം ഞാനറിഞ്ഞിട്ടനുദിനമുരചെയ്യുന്നതോ വാസുദേവ! ॥139॥

ആർക്കെങ്കിലും പോരുമി നാമമാത്രം
കീർത്തിക്ക ജന്മത്തിലൊരിക്കലെന്നും
ശാസ്ത്രങ്ങൾ ചൊല്ലും ദൃഢനിശ്ചയം കേൾ
ഭോഷ്കെന്നു വന്നീടൊല നന്ദസൂനോ! ॥140॥

പുല്ലാദിയായുള്ള ശരീരമോരോ -
ന്നെല്ലാറ്റിലും പുക്കു പുറത്തു പോന്നേൻ
നല്ലോരു ജന്മം നരജന്മമിപ്പോൾ
വല്ലാതെയാക്കീടൊല തമ്പുരാനേ! ॥141॥

നെല്ലാദിയായുള്ള പദാർത്ഥമോരോ -
ന്നില്ലത്തുമില്ലാഞ്ഞുഴലുന്നതെല്ലാം
നല്ലോരു നാമാമൃതമാസ്വദിച്ചാൽ
തെല്ലും വരും[12] തിയ്യതുമെന്നു വേണ്ടാ ॥142॥

---

[11] ഒക്കാ ധനാശമനമേ മനുജന്നു തന്നാൽ
[12] നെല്ലും വരും

നന്നായതും തിയ്യതുമോർത്തുചെയ്താൽ
നന്നായ്വരും നിത്യമവന്നു നൂനം
ത്വന്നാമസങ്കീർത്തനമാസ്വദിച്ചാ
ലൊന്നയ്വരും ജീവവരപ്രപഞ്ചം ॥143॥

നിനക്കു നൂറായിരമാശയുണ്ടെ -
ന്നിരിക്കിലും കേൾക്ക മനക്കുരുന്നേ
തനിക്കുതാൻ പോന്നവർ ചെയ്തതെല്ലാം
നിനക്കു നന്നായതു നിത്യമായി ॥144॥

തണ്ണീർദാഹം മുഴുത്തു തടിയനരികെ വന്നന്തകൻ താനരത്തും
കണ്ണീർക്കാരായടുത്തുള്ളവർ തൊഴിയുമൊഴിയ്ക്കാതെയൊന്നിച്ചുപാർത്തും
തന്നെത്താനേ മറന്നിട്ടതിവിവശത പൂണ്ടാർത്തനായ് വീർത്തുമക്കോ -
പ്പെന്നെക്കൊണ്ടാക്കിവെച്ചീടൊല വരദവിഭോ! വാമഗേഹാധിവാസിൻ ॥145॥

വേണുന്നീലൊന്നുമോരോന്നിവയനുദിവസം തന്നെതാനേ നിനച്ചേൻ
വേണുന്നു മുറ്റമൊന്നുണ്ടതിനു ഗുരുകൃപാപൂരമേ ബന്ധുവുള്ളൂ
പ്രാണൻ പോവാനടുത്തുള്ളൊരു സമയമതെന്നാകിലും മേ വരുന്നാൾ
കാണേണാം ഗോപനാരീകരതളിരിൽ നടക്കുന്നൊരാനന്ദഭൃംഗം ॥146॥

എന്നേ തുടങ്ങിയുദയാസ്തമയങ്ങൾ തോറും
ഭിണ്ഡന്നുറങ്ങിയുമുണർന്നുമുടുത്തുമുണ്ടും
നന്ദിച്ചു നന്ദതനയന്റെ പദാംബുജത്തിൽ
ചേർന്നാവു നാവതിനു കൌതുകമെന്തിതാവൂ ॥147॥

കണ്ണൻ കളിക്കും കളിക്കോപ്പു കാണ്മാ[13] -
നെന്നേ കൊതിക്കുന്നു ദയാംബുരാശേ
തന്നാമസങ്കീർത്തനമെണ്ണിയെണ്ണി -
തൊണ്ണൂറടുത്തു പരിവത്സരം മേ ! ॥148॥

നന്ദിച്ചുകൊൾക തവ വന്നതുകൊണ്ടു നിത്യം
നിന്ദിക്കവേണ്ട ഗതിഭേതമൊരോന്നു കണ്ടാൽ
വന്ദിച്ചുകൊൾക സകലാത്മകമീശ്വരം തം
മന്ദിച്ചുപോകരുതജസ്രമകക്കുരുന്നേ ॥149॥

[13] കണ്ണൻ കളിക്കോപ്പുകൾ കാണവാനാ -

നാവേ നീ ചൊല്ലിയാഞ്ഞാലഖിലമഫലമെന്നത്ര ലോകേ പ്രസിദ്ധം
നാവാലൊന്നുച്ചരിച്ചാലവനമൃതഹരൻ പിന്നെയെന്നും പ്രസിദ്ധം
നാവേ! നാണം വരുന്നു മനസി വെളി വരഞ്ഞിങ്ങിനേയെണ്ണിയെണ്ണി -
ച്ചാവാനോ നാമസങ്കീർത്തനമജിത വിഭോ! ദേഹി ദേഹി പ്രസാദം ‖150‖

രാധാസ്തനങ്ങളിലൊളിച്ചരുളുന്ന നിന്മെ[14]
ഭേദാശ്രയം മമ വിടുത്തരുൾ മോഹമെല്ലാം
ബോധാശ്രയം തവ കളേബരമോത്തുകൊൾവാ -
നേതൽ പ്രഭോ! ബഹുവിരോധകമായ് വരുന്നു ‖151‖

നാളത്തിൽ തടയുന്നതും നടനടേ നിൽക്കുന്ന വായുക്കൾ പോ -
യോളത്തിൽ കുറുകുന്നതും ചില പിഴച്ചോട്ടം മനോവൃത്തിയും
നീളത്തിൽ കയറും പിടിച്ചുടനെയെന്നീരോടെ ബന്ധുക്കളും
നാളത്തെത്തൊഴിലിപ്രകാരമരുളായ്കെൻ പോറ്റി നാരായണാ! ‖152‖

നാവില്ലാതെ ജനിക്കയോ നടനടേയുള്ളോരിളയ്ക്കായ്കയോ
നാമത്തെപ്പഠിയായ്കയോ നരകമെന്നോർത്താൽ കുളിർപ്പാകയോ
നാവിൽ ദുർഘടമാകയോ നരകുലത്തിൽ ജന്മമല്ലായ്കയോ
നാമോച്ചാരാനമെന്തു ബന്ധമറിവുള്ളോരും ത്യജിച്ചീടുവാൻ! ‖153‖

നാമോച്ചാരണമൊന്നുകൊണ്ടു ഗതിവന്നു പണ്ടു ദാസീപതേർ -
ന്നാമോച്ചാരണമൊന്നുകൊണ്ടു മുനിയായ് വാൽമീകി പണ്ടേ തുലോം
നാമോച്ചാരണമൊന്നുതന്നെ മതിയെന്നോതുന്നു വേദാന്തവും
നാമോച്ചാരണമെന്നതെങ്കിലരുളീടാനന്ദപാഥോനിധേ! ‖154‖

നാമാമൃതം നാവിലിരിക്കുമപ്പോൾ
സോമാമൃതം വിസ്മൃതമായ് വരുന്നു
നാമാമൃതം പാർത്തു നിറച്ചു കൊണ്ടാൽ
നാമാമൃതം കാണമൃതം മൃതാനാം ‖155‖

നാവിന്നൊരിത്തിരി വികൽപ്പമതെന്നിരിപ്പൂ
നാമിന്നിയേതൊരു വിജാതിയിൽ വന്നു ഞായം
നാമിന്നുതന്നെയറിയേണമറിഞ്ഞുകൊൾവാ -
നാമിത്തിരിപ്പു തിരുനാമവുമെന്നു വെപ്പൂ ‖156‖

[14] മൂർത്തേ

കണ്ണിൽ കൂത്താടുവാനുണ്ടൊരുവക, ചെവിയിൽ പാട്ടു പാടാൻ കളിപ്പാൻ
കണ്ണുന്തിക്കൊണ്ടു വേറെ സതതമിവരൊടേ നിന്നു പോരാടുവാനും
കണ്ണാ നിൻ മേനിയാകുന്നതു കരുതി മുദാ നാമമോതീടുവാനും
കാണുന്നേനില്ലുപായം തവ കരുണയൊഴിഞ്ഞൊന്നുമിന്ദീവരാക്ഷ ! ‖157‖

ദേഹത്തിന്മേൽ തറയ്ക്കുന്നതു കിമപി പറിക്കില്ല മുള്ളും മഹാത്മാ
ദേഹത്തിന്മേൽ ചൊറിഞ്ഞീടിനതൊരിടമൊതുക്കാവതല്ലീ നിനക്കോ
സോഹംഭാവത്തിനുറ്റം പലവഴി തെളിവായ് കാട്ടി മറ്റുള്ളവർക്കും
മോഹം തീർക്കും സദാനന്ദിത പരമശിവ ബ്രഹ്മമേ തേ നമോസ്തു ‖158‖

ഹാ കൃഷ്ണ ഹാ കൃഷ്ണ കൃപാംബുരാശേ!
ഹേ കൃഷ്ണ ഹേ കൃഷ്ണ ശൃണുഷ്വ വിഷ്ണോ!
ഹീ കൃഷ്ണ ഹീ കൃഷ്ണ മഹത്യുപേക്ഷാ -
മാ കൃഷ്ണ മാ കൃഷ്ണ പരിത്യജാസ്മാൻ ‖159‖

ദേഹത്തിൽ സുഖമേ കടിച്ച മശകാദ്യജ്ഞാനമാദൌ തഥാ
ദേഹത്തിന്നു വിശപ്പുദാഹമറിയായ്കെന്നുണ്ടു രണ്ടാമതും
ദേഹത്തെക്ഷണിക്കിലും വിഹതിയില്ലെന്നങ്ങു മൂന്നാമതും
സോഹംഭാവ ദൃഢാനുഭൂതിയരുളീടാനന്ദ പാഥോനിധേ! ‖160‖

ദേഹത്തിൽ ചൊറിയും സഹിക്കരുതതിക്രൂരം വിശപ്പൊട്ടുമേ
മോഹത്തിൽ കലരുന്ന ഞാനതു വൃഥാ മോഹിപ്പതെന്തെന്നുവാൻ[15]
സ്നേഹത്തോടെ യശോദ പുൽകിന കിശോരൻ താനൊഴിഞ്ഞേകദാ
സ്നേഹിപ്പീലതുപോരുമെന്നു മനസാ നാമങ്ങളോതീടിനേൻ ‖161‖

ചൊല്ലേണം നാമമെന്നുള്ളതു പലരുമറിഞ്ഞും പറഞ്ഞും കഴിഞ്ഞാൽ
ചൊല്ലീടുന്നോർ കനക്കെക്കുറയുമതു മഹാപാപമെന്നും പ്രസിദ്ധം
ചൊല്ലീട്ടെന്തെന്നു മറ്റുള്ളവർകൾ പരിഹസിച്ചാൽ നമുക്കല്ല ദുഃഖം
ചൊല്ലേറും വ്യാസനും പാർത്ഥനു രഥതുരഗം മേച്ചമേവും നിനക്കും! ‖162‖

ആർക്കാനും വഴിപോലെയുണ്ടു മടികൂടാതെ മനസ്സെങ്കിലോ
കീർത്തിക്കാമതിനായനേകവിധമായ് തീർത്തോരു സങ്കീർത്തനം
പാർത്താലൊക്കെ വൃഥാ പ്രയത്നരഹിതം കീർത്തിപ്പതിന്നാഗ്രഹം
പേർത്തും മേലിതു നാസ്തിയായ് വരുമതിൻ മുമ്പേ മരിക്കേണമേ ‖163‖

[15] മോഹിപ്പതെന്തിന്നുവാൻ

നാവും നാരായണേത്യക്ഷരവുമൊരുദിനം തമ്മിലേകീഭവിച്ചാൽ
ചാവുന്നേരത്തു നോവാൻ കഴിവര യമനും ദൂരെ നിന്നീടുമല്ലോ
നാവേ നാലക്ഷരം നീയൊരുപൊഴുതുമുപേക്ഷിക്കൊലാ ദൈവയോഗാ -
ലീവണ്ണം വന്നതെന്നാലമൃതമനുഭവിച്ചീടു നാരായണേതി ‖164‖

മേഘശ്യാമളമംഗവും മകുടവും പൂവും ചെവിത്തോടയും
രാകചന്ദ്രനു നാണമാം വദനവും മാർമാലയും മുദ്രയും
ആകും വണ്ണമനേകഭൂഷണയുതം നിന്മെ കുറിക്കൊണ്ടു ഞാൻ
പോകുന്നേൻ ഭഗവൻ ജനാർദ്ദന! ഭവൽകാരുണ്യപാഥേയവാൻ ‖165‖

ശ്രീപാദം വാഴ്ക വാമാലയനിലയ! ഭവൽ ശ്രീപദാംഭോരുഹത്തെ
ശ്രീനാമം കൊണ്ടു നിത്യം നിരവധി പരമാനന്ദമൂർത്തേ നിഷേവേ
ശ്രീമൂർത്തിം കണ്ടുകൊണ്ടാത്മനി സതതമുറപ്പിച്ചു ദേഹം ത്യജിച്ചി -
ട്ടീമൂർത്തിക്കൈക്യമേകീടുക ഗുരുകരുണാവാരിധേ വാരിജാക്ഷ! ‖166‖

ഭൂഷാവർണ്ണാദിയാലീ ഭുവനമഖിലവും ഹന്ത! മോഹിച്ചു രാഗ -
ദ്വേഷാപൂർണ്ണം വിഘൂർണ്ണം ശിവ ശിവ പറയാവല്ല മായാവിലാസം
ഭാഷാകർണാമൃതം മേ സുകൃതമിതു സദാ നാവു കൊണ്ടാസ്വദിച്ചാൽ
തൃഷാ കർമ്മാവലീവല്ലികളിലുടനവൻ പിന്നെ മുന്നേതുപോലെ ‖167‖

ഉണ്ണിക്കിടാങ്ങൾ കളിയായൊരു കാലുവെച്ചാ -
ലെണ്ണാവതല്ലതിനഹോ കുതുകം പിതൃണാം
എന്നക്കണക്കെ നടയുള്ളവർകൾക്കിതെല്ലാ -
മെന്നാൽ കൃതം കിമപി കൌതുകമായ് വരേണം ‖168‖

പീതാംബരപ്രോല്ലസിതാഖിലാശം
ഹേമാംഗതോൽഭാസിത ബാഹുദണ്ഡം
സോമാംബുജശ്രീ വദനാരവിന്ദം
വാമാലയസ്ഥം ഭജ വാസുദേവം ‖169‖

കുറിപ്പ്:

താഴെക്കാണുന്ന സുപ്രസിദ്ധമായ പ്രാർത്ഥനാശ്ലോകം കൂടി പൂന്താനം നമ്പൂതിരിയുടെ ശ്രീകൃഷ്ണകർണാമൃതത്തിൽ ഉൾപ്പെട്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

പീലിക്കാർ കുന്തൽ കെട്ടിട്ടഴകൊടു നിടിലേ ചാരു ഗോരോചനം ചേർ -
ത്തേലസ്സും പൊൻചിലമ്പും വളകളുമണിയിച്ചമ്മതന്നംഗഭാഗേ
ലീലാഗോപാലവേഷത്തൊടു മുരളിയുമായ് കാലി മേയ്ക്കുന്ന കോലം
ചാലേ കൈക്കൊണ്ടു മന്ദസ്മിതമൊടു മരുവും പൈതലേ കൈതൊഴുന്നേൻ ‖170‖

## ശ്രീകൃഷ്ണകർണാമൃതത്തിലെ വൃത്തവിനിയോഗം

| | | |
|---|---|---|
| 1. | ഇന്ദ്രവജ്ര | 1, 18, 19, 22, 28, 35, 46, 69, 92, 115, 127, 130, 140, 141, 142, 143, 148, 149, 155, 159, 169 |
| ലക്ഷണം: കേളിന്ദ്രവജ്രക്ക തതംജഗംഗം (11 അക്ഷരങ്ങൾ) | | |
| 2. | ഉപേന്ദ്രവജ്ര | 47, 58, 76, 118, 144 |
| ലക്ഷണം: ഉപേന്ദ്രവജ്രക്ക ജതംജഗംഗം (11 അക്ഷരങ്ങൾ) | | |
| 3. | വസന്തതിലകം | 6, 9, 13, 17, 21, 25, 26, 27, 30, 31, 38, 49, 53, 66, 67, 70, 78, 81, 82, 87, 94, 97, 105, 116, 117, 119, 120, 121, 123, 124, 125, 126, 128, 131, 132, 133, 136, 137, 138, 147, 149, 151, 156, 168 |
| ലക്ഷണം: ചൊല്ലാം വസന്തതിലകം തഭജം ജഗംഗം (14 അക്ഷരങ്ങൾ) | | |
| 4. | ശാർദ്ദൂലവിക്രീഡിതം | 12, 20, 24, 29, 39, 41, 42, 50, 52, 61, 71, 73, 84, 85, 89, 93, 95, 98, 100, 101, 102, 104, 110, 111, 112, 129, 134, 135, 152, 153, 154, 160, 161, 163, 165 |
| ലക്ഷണം: പന്ത്രണ്ടായ് മസജം സതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം (19 അക്ഷരങ്ങൾ) | | |
| 5. | സ്രഗ്ധര | 2, 3, 4, 5, 7, 8, 10, 11, 14, 15, 16, 23, 32, 33, 34, 36, 37, 40, 43, 44, 45, 48, 51, 54, 56, 57, 59, 60, 62, 63, 64, 65, 72, 74, 77, 79, 80, 83, 86, 88, 90, 91, 96, 99, 103, 106, 107, 108, 109, 113, 114, 122, 139, 145, 146, 150, 157, 158, 162, 164, 166, 167,170 |
| ലക്ഷണം: ഏഴേഴായ് മൂന്ന ഖണ്ഡം മരനെയയയം സ്രഗ്ധരാവൃത്തമാകം (21 അക്ഷരങ്ങൾ) | | |
| 6. | വിഷമ വൃത്തം | 68, 75 |
| പാദം 1, 3-ൽ 16 അക്ഷരങ്ങൾ; പാദം 2, 4-ൽ 15 അക്ഷരങ്ങൾ | | |

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA